# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -195 | 25.04.2017-ൽ മറുപടിക്ക്

## എസ്.എസ്.എൽ.സി, ഹയർസെക്കണ്ടറി പരീക്ഷാനടത്തിപ്പിലെ പാളിച്ചകളെപറ്റി അന്വേഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. എസ്. ശിവകുമാർ<br>,, സണ്ണി ജോസഫ്<br>,, ഹൈബി ഈഡൻ<br>,, ഐ. സി. ബാലകൃഷ്ണൻ | ശ്രീ. പിണറായി വിജയൻ (മുഖ്യ മന്ത്രി) |

| | | | |
|---|---|---|---|
| എ) | സാമ്പത്തിക ക്രമക്കേടുകളല്ലാതെ മറ്റ് തരത്തിലുള്ള ക്രമക്കേടുകൾ അന്വേഷിക്കുന്നതിന് വിജിലൻസിന് അധികാരമുണ്ടോ; | എ) | അഴിമതി നിരോധന നിയമത്തിന്റെ പരിധിയിൽ വരുന്ന എല്ലാ ക്രമക്കേടുകളും വിജിലൻസ് അന്വേഷിക്കാറുണ്ട്. |
| ബി) | ഇല്ലെങ്കിൽ എസ്.എസ്.എൽ.സി ചോദ്യപേപ്പർ ചോർച്ച സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിന് ഉത്തരവിടാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ; | ബി) | 20.03.2017 ൽ നടത്തിയ എസ്.എസ്.എൽ.സി ഗണിത ശാസ്ത്ര പരിക്ഷയുടെ ചോദ്യപേപ്പർ ഒരു സ്വകാര്യ സ്ഥാപനം പുറത്തിറക്കിയ ചോദ്യങ്ങളുമായി സാമ്യമുണ്ടെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ സെക്രട്ടറി ഒരു അന്വേഷണം നടത്തുകയും, ചോദ്യകർത്താവും സ്വകാര്യ സ്ഥാപനവും തമ്മിലുള്ള ബന്ധം കൂടുതൽ അന്വേഷണത്തിലൂടെ മാത്രമേ തെളിയിക്കാൻ കഴിയുകയുള്ളു എന്ന് റിപ്പോർട്ട് ചെയ്തതിന്റെയും അടിസ്ഥാനത്തിലാണ് വിജിലൻസ് അന്വേഷണത്തിന് ഉത്തരവായത്. |
| സി) | ഹയർസെക്കന്ററി ജ്യോഗ്രഫി, ജേർണലിസം ,ഹിന്ദി ചോദ്യപേപ്പറുകളെ സംബന്ധിച്ചും ഗുരുതരമായ ആരോപണം ഉയർന്ന് വന്നിട്ടും അതിനെക്കുറിച്ച് | സി) | 25000 ത്തോളം വിദ്യാർത്ഥികൾ എഴുതിയ ഒന്നാം വർഷ ഭൂമിശാസ്ത്ര ചോദ്യപേപ്പർ സംബന്ധിച്ച് വന്നിട്ടുള്ള പരാതികളുടെ അടിസ്ഥാനത്തിൽ ഹയർ സെക്കന്ററി ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. മുൻ |

| | | | |
|---|---|---|---|
| | അന്വേഷണം നടത്താത്തതെന്താണ്; ചോദ്യപേപ്പർ തയ്യാറാക്കുവാൻ ചുമതലപ്പെടുത്തിയ അദ്ധ്യാപക സംഘടനയായ കെ.എസ്.റ്റി.എയുടെ ഇക്കാര്യത്തിലുള്ള പങ്ക് അന്വേഷിക്കുമോ; | | വർഷങ്ങളിലെ ചോദ്യപേപ്പറുകളും, അധ്യാപകർ ക്ലസ്റ്ററുകൾ വഴി തയ്യാറാക്കിയ ധാരാളം മാതൃകാ ചോദ്യങ്ങളും DHSE പോർട്ടലിൽ ലഭ്യമാണ്. ആയതുകൊണ്ട് തന്നെ ചോദ്യപേപ്പറുകൾ തമ്മിലുള്ള സമാനത എല്ലാ കാലത്തെ ചോദ്യപേപ്പറുകളിലും കാണാനാവുന്നതാണ്. അതിൽ അസ്വാഭാവികത ഒന്നുമില്ല എന്ന് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.<br>5000 ത്തോളം വിദ്യാർത്ഥികൾ എഴുതിയ രണ്ടാം വർഷ ജേർണലിസം ചോദ്യപേപ്പറിൽ 17 മാർക്കിന്റെ ചോദ്യങ്ങൾ പാഠഭാഗത്തിനു പുറത്ത് നിന്നാണെന്ന പരാതിയും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ചോദ്യം തയ്യാറാക്കിയ വ്യക്തിയോട് വിശദീകരണം തേടുകയും ടിയാളെ മേലിൽ ഇത്തരം ചുമതലകളിൽ നിന്നും ഒഴിവാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.<br>ഹിന്ദി ചോദ്യപേപ്പറിൽ ഏതാനും അക്ഷര തെറ്റുകൾ മാത്രമാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.<br>ഹയർ സെക്കന്ററി പൊതു പരീക്ഷകളുടെ ചോദ്യപേപ്പറുകൾ തയ്യാറാക്കുവാൻ ഒരു കാലത്തും അധ്യാപക സംഘടനകളെ ചുമതലപ്പെടുത്താറില്ല. |
| ഡി) | ഈ വർഷത്തെ എസ്.എസ്.എൽ.സി, ഹയർസെക്കണ്ടറി പരീക്ഷാനടത്തിപ്പിലെ പാളിച്ചകളെ സംബന്ധിച്ച ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവിടുമോ? | ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ